## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂരോപ്പട ഗ്രാമപഞ്ചായത്ത് വക സ്ഥലവും പബ്ലിക് ലൈബ്രറി വക സ്ഥലവും പരസ്പരം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 1374/2012/തസ്വഭവ　　　　　തീയതി, തിരുവനന്തപുരം, 17-5-2012

---

**പരാമർശം :-**

1. കൂരോപ്പട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12-7-2011-ാം തീയതിയിലെ VIII-ാം നമ്പർ തീരുമാനം
2. കൂരോപ്പട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19-7-2011-ലെ A8-625/11 -ാം നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 22-8-2011-ലെ സി2-21295/2011 -ാം നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലയിലെ കൂരോപ്പട ഗ്രാമപഞ്ചായത്ത് വക മാർക്കറ്റിലേക്ക് PWD റോഡിൽ നിന്നും പ്രവേശിക്കുന്നതിനുള്ള വഴി അപര്യാപ്തമായതിനാൽ മാർക്കറ്റ് വക സ്ഥലത്തിനും PWD റോഡിനും ഇടയിൽ സ്ഥിതിചെയ്യുന്ന കൂരോപ്പട പബ്ലിക് ലൈബ്രറിയുടെ ഉടമസ്ഥതയിലുള്ള കൂരോപ്പട വില്ലേജിൽ ബ്ളോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 227/8, 227/9 എന്നിവയിൽ ഉൾപ്പെട്ട 0.5 ആർ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും പകരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൂരോപ്പട വില്ലേജിൽ ബ്ളോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 227/11-ൽപ്പെട്ട 0.5 ആർ സ്ഥലം പബ്ലിക് ലൈബ്രറിക്ക് വിട്ടുകൊടുക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും ആയതു പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൂരോപ്പട ഗ്രാമപഞ്ചായത്ത് വക മാർക്കറ്റിലേക്ക് PWD റോഡിൽ നിന്നും പ്രവേശിക്കുന്നതിനുള്ള വഴി വികസിപ്പിക്കുന്നതിന് മാർക്കറ്റ് വക സ്ഥലത്തിനും PWD റോഡിനും ഇടയിൽ സ്ഥിതിചെയ്യുന്ന കൂരോപ്പട പബ്ലിക് ലൈബ്രറിയുടെ ഉടമസ്ഥതയിലുള്ള കൂരോപ്പട വില്ലേജിൽ ബ്ളോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 227/8, 227/9 എന്നിവയിൽപ്പെട്ട 0.5 ആർ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും പകരം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൂരോപ്പട വില്ലേജിൽ ബ്ലോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 227/11-ൽപ്പെട്ട 0.5 ആർ സ്ഥലം പബ്ലിക് ലൈബ്രറിക്ക് വിട്ടുകൊടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൂരോപ്പട ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, കൂരോപ്പട പബ്ലിക് ലൈബ്രറി, രജി. നം. 1769, കൂരോപ്പട, കോട്ടയം
ഇൻഫർമേഷൻ-കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.